DESPATCHED On../12/8/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 58(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 1359/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ആഗസ്റ്റ് 5

ശ്രീമതി സജീല,
റോഡരികത്ത് വീട്,
മുന്നാംകല്ല്,
പറണ്ടോട് – 695 542.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട്,
അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെടുമങ്ങാട്, തിരുവനന്തപുരം
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എസ്.എച്ച്.ഒ.,
ആര്യനാട് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം
3) അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം റൂറൽ.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 2.4.2022-ൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, അപ്പീൽ ഹർജിക്കാരന്റെ 06.11.2021-ലെ അപ്പീൽ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതിന് മൂന്നാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷൻ തേടിയിരുന്നു. ആയതു പ്രകാരം മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്: ശ്രീമതി സജീല 24.9.2021 തീയതി നെടുമങ്ങാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന് നൽകിയ വിവരാവകാശ അപേക്ഷയിൽ നെടുമങ്ങാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് 11.10.2021 തീയതിയിൽ ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ, അപേക്ഷയിലെ 6, 7, 8, 9, 10, 11, 12, 13, 14, 15 എന്നീ ഇനങ്ങൾക്ക് കാട്ടാക്കട ഡി.വൈ.എസ്.പി. ഓഫീസിൽ നിന്നും ആര്യനാട് പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാകുന്നതാണെന്ന് മറുപടി നൽകിയിട്ടുള്ളതും, എന്നാൽ മറുപടി ലഭിക്കാത്തതിനാൽ ഹർജിക്കാരി 6.11.2021-ന് സമർപ്പിച്ച അപേക്ഷ 9.11.2021-ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിൽ ടി ഓഫീസിൽ നിന്നും കാട്ടാക്കട ഡി.വൈ.എസ്.പി. ആഫീസ്, ആര്യനാട് പോലീസ് സ്റ്റേഷൻ

എന്നിവിടങ്ങളിലെ എസ്.പി.ഐ.ഒ.മാരോട് 14.11.2021 തീയതിയിൽ ടി അപ്പീൽ അപേക്ഷ അയച്ചു നൽകി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും, ആയതിൽ മറുപടി ലഭിക്കാത്തതിനെ തുടർന്ന് 16.12.2021 തീയതിയിൽ ഓർമ്മക്കുറിപ്പും നൽകിയെങ്കിലും കാട്ടാക്കട ഡി.വൈ.എസ്.പി., ആര്യനാട് ഇൻസ്പെക്ടർ എസ്.എച്ച്.ഒ. എന്നിവർ യഥാക്രമം 8.2.2022, 9.2.2022 എന്നീ തീയതികളിൽ മാത്രമാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും അക്കാരണത്താൽ ടി അപ്പീൽ അപേക്ഷയിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നതിനു ടി ഓഫീസിൽ നിന്നും കാലതാമസം നേരിട്ടിട്ടുള്ളതും, 6.11.2021 തീയതിയിലെ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും 15.2.2022 തീയതി മാത്രമാണ് ഹർജിക്കാരിക്ക് നൽകാനായതെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകാത്തതിനാൽ കാട്ടാക്കട ഡി.വൈ.എസ്.പി. ശ്രീ. പ്രശാന്ത് കെ.എസ്., ആര്യനാട് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ശ്രീ. ജോസ് എൻ.ആർ. എന്നിവരോട് സമാധാനം ബോധിപ്പിക്കുന്നതിനു ആവശ്യപ്പെട്ട് 12.4.2022 തീയതിയിൽ മെമ്മോ നൽകിയിരുന്നതുമാണെന്നും കാട്ടാക്കട ഡി.വൈ.എസ്.പി. ഓഫീസിലെ വിവരാവകാശ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന റൈറ്റർ ആയിരുന്ന ജി.എസ്.ഐ. ശ്രീ. മണികണ്ഠൻ നായർ പരാലിസിസ് ബാധിച്ചു ഗുരുതരാവസ്ഥയിൽ Vertebrobasiar Stroke Left Lateral Medullary in Farct എന്ന രോഗത്തിന് അടിപ്പെട്ട് പോയതുകാരണം ശ്രദ്ധയിൽപ്പെടുത്താതെ പോയതു കാരണമാണ് സമയബന്ധിതമായി മറുപടി സമർപ്പിക്കാതിരുന്നത് എന്ന് കാട്ടാക്കട ഡി.വൈ.എസ്.പി. ശ്രീ.കെ.എസ്.പ്രശാന്ത് മറുപടി സമർപ്പിച്ചിരുന്നു എന്നും ആര്യനാട് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ശ്രീ. ജോസ് എൻ.ആർ. സമർപ്പിച്ച മറുപടിയിൽ, ശ്രീമതി സജീല അഞ്ചോളം സമാന സ്വഭാവമുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയ വിവരാവകാശം ആര്യനാട് പോലീസ് സ്റ്റേഷനിൽ നൽകിയിരുന്നതും, ആയതിനു സമയബന്ധിതമായി മറുപടി നൽകിയിരുന്നതും, ഒന്നിൽ കൂടുതൽ അപേക്ഷകൾ ഹർജിക്കാരി നൽകിയിരുന്നതിനാലാണ് 24.9.2021 തീയതി നെടുമങ്ങാട് ഡെപ്യൂട്ടി സൂപ്രണ്ട് മുമ്പാകെ നൽകിയ വിവരാവകാശത്തിന് സമയബന്ധിതമായി മറുപടി നൽകാൻ വിട്ടു പോയതെന്ന് മറുപടിയിൽ പറഞ്ഞിട്ടുള്ളതുമാണെന്നും ടി ഓഫീസിൽ ടി ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നതുമാണെന്നും കൂടാതെ പോലീസ് സ്റ്റേഷനുകളിലും, സബ് ഡിവിഷൻ ഓഫീസുകളിലും നേരിട്ട് ലഭിക്കുന്ന അപേക്ഷകളിൽ എത്രയും വേഗം മറുപടി നൽകണമെന്നും, വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച് വീഴ്ചകൾ ഉണ്ടാകാൻ പാടില്ലായെന്നും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണെന്നുമാണ്.

2. ടി വിശദീകരണവും നേരിൽ കേട്ട വേളയിൽ മൂന്നാം എതിർകക്ഷിയ്ക്കുവേണ്ടി ഹാജരായ ശ്രീ. എം.കെ.സുൽഫിക്കർ, അഡീഷണൽ

എസ്.പി. ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. 26.7.2022–ൽ അപ്പീൽ അധികാരിയായ തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി ഡോ. ദിവ്യ വി.ഗോപിനാഥ്, ഹിയറിംഗിൽ ഹാജരാകാത്തതിലും ഹിയറിംഗിന് ഹാജരാകുവാൻ കഴിയാത്ത വിവരം കമ്മീഷനെ അറിയിക്കാത്തതിനാലും ടിയാളുടെ പ്രതിനിധിയോട് കമ്മീഷൻ അതൃപ്തി അറിയിച്ചു. കൂടാതെ അപ്പീൽ അധികാരിക്ക് ഹിയറിംഗിന് ഒരവസരം കൂടി നൽകുന്നതാണെന്നും ഹാജരാകാത്തപക്ഷം കർശനനടപടി സ്വീകരിക്കുന്നതാണെന്നും കമ്മീഷൻ പ്രതിനിധിയെ അറിയിച്ചു. അപ്രകാരം ഡോ.ദിവ്യ വി.ഗോപിനാഥ് 27.7.2022–ന് കമ്മീഷന് അയച്ച കത്തിൽ ടിയാൾ ഒഴിച്ചു കൂടാനാകാത്ത വ്യക്തിപരമായ കാരണത്താൽ 26.7.2022 മുതൽ 30.7.2022 വരെ ലീവിലായിരുന്നു എന്നും ആയതിനാലാണ് പ്രതിനിധിയായ ശ്രീ. എം.കെ. സുൽഫിക്കർ, അഡീഷണൽ എസ്.പി.യെ അയച്ചതെന്നും അന്നേ ദിവസം ഹാജരാകാൻ കഴിയാത്തത് മാപ്പാക്കണമെന്നും അടുത്ത ഹിയറിംഗിന് ഹാജരാകുന്നതാണെന്നും അറിയിച്ചു. ആയതിനാൽ നേരിട്ടു ഹാജരാകാൻ അപ്പീൽ അധികാരിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നിർദ്ദേശ പ്രകാരം അപ്പീൽ അധികാരി 1.8.2022–ന് ഉച്ചയ്ക്ക് ശേഷം 4 മണിക്ക് കമ്മീഷൻ മുമ്പാകെ നേരിട്ടു ഹാജരാകുകയും ഹർജിക്കാരി സമർപ്പിച്ച അപ്പീൽ അപേക്ഷ വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി തീർപ്പാക്കാതിരുന്നതിലുള്ള കാരണങ്ങൾ കമ്മീഷനെ ബോധിപ്പിക്കുകയും ചെയ്തു. ടി വീഴ്ച മന:പ്പൂർവ്വമല്ലെന്ന് കമ്മീഷന് ബോധ്യമായി. ഹിയറിംഗിൽ പങ്കെടുക്കാതിരുന്നത് ശരിയായ നടപടിയല്ലെന്ന് അപ്പീൽ അധികാരിയെ കമ്മീഷൻ ഓർമ്മപ്പെടുത്തുകയും, ആയതിൻമേൽ ടിയാരി മാപ്പപേക്ഷിക്കുകയും ഭാവിയിൽ ആയത് ആവർത്തിക്കില്ലെന്നും ബോധിപ്പിച്ചു. ആയത് സംബന്ധിച്ച് ഒരു വിശദീകരണവും അപ്പീൽ അധികാരി കമ്മീഷൻ മുമ്പാകെ എഴുതി സമർപ്പിച്ചു. ടി സാഹചര്യത്തിൽ അപ്പീൽ അധികാരിയിൽ നിന്നും ബോധപ്പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തി, ടി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ആഗസ്റ്റ് മാസം 5–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

കമ്മീഷൻ സെക്രട്ടറി